# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 357 03.02.2020-ൽ മറുപടിക്ക്

## കൃഷ്ണപുരം കൊട്ടാരത്തിന്റെ പുനരുദ്ധാരണം

**ചോദ്യം**

**ശ്രീമതി യു. പ്രതിഭ**

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) & (ബി) | കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ മേൽക്കൂരയുടെയും, വാതിലുകൾ, ജനാലകൾ എന്നിവയുടെയും സമഗ്ര സംരക്ഷണ പ്രവൃത്തികളും കൊട്ടാരത്തിന്റെ മുൻവശത്തെ പൊളിഞ്ഞുവീഴാറായ മതിലിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികളും നിർവഹിക്കുകയുണ്ടായി. ഇതിലേയ്ക്കായി 49,75,324/- നാൽത്തിയൊൻപതു ലക്ഷത്തി എഴുപത്തയ്യായിരത്തി മുന്നൂറ്റി ഇരുപത്തിനാലു രൂപാ മാത്രം) രൂപ ചെലവായിട്ടുണ്ട്. ഇതു കൂടാതെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന പൂന്തോട്ടം സജ്ജീകരിക്കുകയും മറ്റ് അനുബന്ധ പ്രവൃത്തികൾ നിർവ്വഹിക്കുകയുമുണ്ടായി. പ്രസ്തുത പ്രവൃത്തികൾക്കായി 61,64,778/- (അറുപത്തിയൊന്ന് ലക്ഷത്തി അറുപത്തി നാലായിരത്തി എഴുന്നൂറ്റിയെഴുപത്തിയെട്ട് രൂപാ മാത്രം) രൂപ ചെലവായിട്ടുണ്ട്. കൂടാതെ കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ 60,69,047/- (അറുപതു ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി നാല്പത്തിയേഴ് രൂപാ മാത്രം) രൂപാ ചെലവഴിച്ച് കെൽട്രോൺ മുഖേന സിസിറ്റിവിയും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഓരോ പ്രവൃത്തികൾക്കും ചെലവഴിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**